TB Movie Panel Weekly Review

**#moviepanel**

പത്തു തല

എഴുതിയത് : സാജൻ രാമനന്ദൻ

Donnie Brasco എന്ന അൽ പാച്ചിനോ സിനിമയിൽ നിന്നും inspired ആയി കന്നഡ ഭാഷയിൽ ഇറങ്ങി ബ്ലോക്ക്ബസ്റ്റർ ആയ മഫ്തി സിനിമയുടെ ഒഫീഷ്യൽ റീമേക്ക് ആണ് പത്തു തല.

സില്ലെന്നു ഒരു കാതൽ സംവിധാനം ചെയ്ത ഒബെലി എൻ കൃഷ്ണ ആണ് തിരക്കഥയും സംവിധാനവും. ഇടക്കാല മുഖ്യമന്ത്രി ആകുന്ന രാഷ്ട്രീയക്കാരൻ ആയി അഭിനേതാവായും സ്ക്രീനിൽ എത്തുന്നു കൃഷ്ണ. സിമ്പു ടൈറ്റിൽ കഥാപാത്രം ആയപ്പോൾ ഗൗതം കാർത്തിക്ക് ഉപനായകവേഷത്തിൽ എത്തി. പൊളിറ്റിക്കൽ ത്രില്ലർ ഴോണറിൽ ഉള്ള ചിത്രത്തിന്റെ പ്രധാന വില്ലൻ ആയ ഡെപ്യൂട്ടി ചീഫ് മിനിസ്റ്റർ റോൾ ഗൗതം വാസുദേവ് മേനോൻ ആണ് ചെയ്തിരിക്കുന്നത്. അനു സിതാര, പ്രിയാ ഭവാനി ശങ്കർ, തേജീന്ദൻ അരുണാസലം, കലൈയരസൻ, റെഡിൻ കിങ്സ്ലീ, ജോ മല്ലൂരി തുടങ്ങിയവർ അഭിനേതാക്കൾ ആയെത്തുന്നു.

AGR ആയി സിമ്പുവിന്റെ സ്വാഗ്, വില്ലൻ വേഷത്തിൽ GVM ന്റെ പ്രകടനം, ഗൗതം കാർത്തിക്കിന്റെ പ്രകടനം എന്നിവ പോസിറ്റീവ് വശങ്ങൾ ആണ്. പ്രിയാ ഭവാനി ശങ്കറിന്റെ കഥാപാത്രവും ആ സബ്സ്റ്റോറിയും സിനിമയ്ക്ക് ആവശ്യം ഉണ്ടായിരുന്നില്ല. കൂടാതെ ലോജിക് ഇല്ലായ്മയും predictability യും സിനിമയുടെ നെഗറ്റീവ് വശങ്ങൾ ആയി അനുഭവപ്പെട്ടു.

ആർ എസ് രാമകൃഷ്ണൻ ആണ് സംഭാഷണങ്ങൾ, ഉത്തര മേനോൻ വസ്ത്രാലങ്കാരം, ഫാറൂഖ് ബാഷ സിനിമാട്ടോഗ്രാഫി, പ്രവീൺ കെ എൽ എഡിറ്റിങ്, ഏ ആർ റഹ്മാൻ സംഗീതം, പെൻ സ്റ്റുഡിയോസ്, സ്റ്റുഡിയോ ഗ്രീൻ ചേർന്ന് നിർമ്മിച്ച സിനിമ മാർച്ച് 30 ന് തീയറ്ററുകളിൽ എത്തി. നാല്പത് കോടിയോളം ബഡ്ജറ്റ് ഉണ്ടായിരുന്ന ചിത്രത്തിന്റെ ആഗോള കളക്ഷൻ അമ്പത്തിയെട്ട് കോടിയോളം ആയിരുന്നു. സിനിമയുടെ ഡിജിറ്റൽ അവകാശം അഞ്ചു കോടിയ്ക്ക് ആമസോൺ പ്രൈം വീഡിയോ ആണ് നേടിയത്. ഇപ്പോൾ സിനിമ ആമസോൺ പ്രൈം വിഡിയോയിൽ ലഭ്യമാണ്.